milma

# Malabar Regional Co-operative Milk Producers' Union Ltd.

Head Office: Peringolam, Kunnamangalam, Kozhikode, Kerala - 673 571

No:MRU:P&I:15:MLP: 888 03.04.2023

**സർക്കുലർ ...921.. /2023**

**വിഷയം:- പരമ്പരാഗത ക്ഷീര സംഘങ്ങളിൽ നിന്നും മലബാർ മേഖലാ യൂണിയൻ സംഭരിയ്ക്കുന്ന പാലിന് അധിക വില നൽകുന്നത് സംബന്ധിച്ച്.**

**സൂചന:- മലബാർ മേഖലാ യൂണിയൻ ഭരണസമിതിയുടെ 30.03.2023 തിയ്യതിയിലെ 49/(GEN)/5- ാം നമ്പർ തീരുമാനം.**

പരമ്പരാഗത ക്ഷീര സംഘങ്ങളിൽ നിന്നും മലബാർ മേഖലാ യൂണിയൻ 2023 മാർച്ച് 1 മുതൽ 31 വരെ സംഭരിക്കുന്ന ഓരോ ലിറ്റർ പാലിനും 1 രൂപ അധിക പാൽ വില നൽകുന്നതിന് തീരുമാനിച്ചതായി സന്തോഷപൂർവ്വം അറിയിച്ചുകൊള്ളുന്നു.

മേൽപ്പറഞ്ഞ പ്രകാരം ക്ഷീര കർഷകർക്ക് അധിക പാൽവിലയായി **ഈസ്റ്റർ, വിഷു, റംസാൻ** എന്നീ ആഘോഷങ്ങളുടെ ഭാഗമായി 2023 ഏപ്രിൽ 14 നു മുൻപായി വിതരണം ചെയ്യേണ്ടതാണെന്ന് അറിയിച്ചുകൊള്ളുന്നു. 01.03.2023 മുതൽ 31.03.2023 വരെയുള്ള പാലിന് മിൽമയിൽ നിന്നും മേൽ പ്രകാരം ലഭിക്കുന്ന തുക പൂർണ്ണമായും ക്ഷീര കർഷകർക്ക് (സംഘം വിഹിതം ഉൾപ്പെടുത്തിയോ അല്ലാതെയോ) വിതരണം ചെയ്യേണ്ടതാണ്. ആയത് ക്യാഷ് ബുക്കിൽ 20.04.2023 നു മുമ്പായി രേഖപ്പെടുത്തി നിശ്ചിത മാതൃകയിൽ അതാത് ജില്ല/പി&ഐ യൂണിറ്റ് മേധാവികൾക്ക്, 29.04.2023 നു മുമ്പായി ക്ലെയിം സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ കൃത്യമായി തുക വിതരണം നടത്താത്ത ക്ഷീര സംഘങ്ങൾക്ക് നൽകിയ അധിക പാൽ വില തിരികെ പിടിക്കുന്നതായിരിക്കും.

**മാനേജിംഗ് ഡയറക്ടർ**

**യൂണിയന് പാൽ നൽകുന്ന എല്ലാ പരമ്പരാഗത സംഘങ്ങൾക്കും**

പകർപ്പ്- ജനറൽ മാനേജർമാർ, ഡിപ്പാർട്ട്മെന്റ് ഹെഡ്സ് - എച്ച്.ഒ,
എല്ലാ ഡെയറി മാനേജർമാർക്കും
ജില്ല/പി & ഐ യൂണിറ്റ് മേധാവികൾ,
പി.എസ്സ്. റ്റു എം.ഡി,
അസിസ്റ്റന്റ് ഡയറക്ടർ (ഓഡിറ്റ്)
www.mrcmpu.com/E-Stock Files